ഖുത്വ്ബ
11.6.2004
ബൈത്തുൽ ഫുത്തൂഹ്
ലണ്ടൻ

بسم الله الرحمن الرحيم

# എല്ലാ കൂട്ടുകെട്ടും ഉപേക്ഷിച്ച് സത്യസന്ധന്മാരുമായി മാത്രം കൂട്ടുകൂടുക.

يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَكُونُوا مَعَ الصَّادِقِينَ

തർജമ: വിശ്വസിച്ചവരേ, നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുക; സത്യസന്ധരിൽ ഉൾപ്പെട്ടവരാകുക. (9:119)

അല്ലാഹു തആല പ്രവാചകന്മാരെ അയക്കുമ്പോൾ അവരെ അംഗീകരിക്കുന്നവരും വിശ്വസിക്കുന്നവരും തഖ്‌വയുടെ അഥവാ ഈശ്വരഭക്തിയുടെ ഉന്നതനിലവാരം നിലനിറുത്തുന്നവരായിത്തീരുന്നു. അവരുടെ തഖ്‌വയുടെ ഉയർന്ന നിലവാരം നിലനില്ക്കുന്നത്, ലോകർക്ക് കാണാൻ കഴിയുന്നു. അത് അവരിൽ നിന്നുണ്ടാകുന്നതല്ല. അവർ നബിയുടെ സാമീപ്യം കാരണത്താൽ അല്ലാഹുവിന്റെ സഹായവും അനുഗ്രഹവും കൊണ്ട് അവരുടെയുള്ളിൽ പരിശുദ്ധമായ മാറ്റം ഉണ്ടാക്കുന്നതിന് പരിശ്രമിക്കുന്നതുകൊണ്ടാണ് അവരിലുണ്ടാകുന്ന മാറ്റം പ്രകടമാകുന്നത്. ഇതുമാത്രമല്ല, അവർ സ്വയം തന്നെ സത്യമായ അനുസരണവും സത്യവിശ്വാസവും ഉള്ളിൽ നിലനില്ക്കുന്ന തഖ്‌വയും പരിശുദ്ധമായ മാറ്റവും വരുത്തുന്ന കാരണത്താൽ സത്യസന്ധരിൽ ഉൾപ്പെട്ടവരായിത്തീരുന്നു. അവർ പിന്നീട് ഒരു പാടാളുകൾക്ക് വഴികാട്ടിയായിത്തീരുകയും ചെയ്യുന്നു; ഈ അനുഗ്രഹം നിലച്ചുപോകുകയില്ല. ഇതു തുടർന്നു കൊണ്ടിരിക്കുന്ന കർമ്മമാണ് എന്ന് ഹസ്റത്ത് മസീഹ് മൗഊദ് (അ) ഒരിടത്ത് പറഞ്ഞിട്ടുള്ളതുപോലെ. ഇല്ലെങ്കിൽ, ഈ വചനത്തിലെ സത്യസന്ധരിൽ ഉൾപ്പെടുക എന്ന കല്പനയുടെ ഉദ്ദേശ്യം തന്നെ അപ്രസക്തമായിപ്പോകും. ഈ കർമ്മം നിലച്ചുപോകുന്നതാണെങ്കിൽ ആ കല്പന ചരിത്രത്തിന്റെ ഒരു ഭാഗമായിത്തീർന്നേനെ. അപ്പോൾ ഞങ്ങൾ ചേരേണ്ടതായ ആ സത്യസന്ധർ ആരാണെന്നും എവിടെയാണെന്നുമൊക്കെ ജനങ്ങൾ ചോദിച്ചു തുടങ്ങുമായിരുന്നു.

ഈ ഈശ്വരജ്ഞാനത്തിന്റെ കാര്യങ്ങൾ നമുക്ക് അറിയാൻ കഴിഞ്ഞത് നബി (സ) തിരുമേനിയെ സത്യഹൃദയത്തോടെ സ്നേഹിച്ചിരുന്ന ഹസ്റത്ത് മസീഹ് മൗഊദ് (അ) ലൂടെയാണ്. അവിടത്തെ പരിശുദ്ധമായ ശക്തിപ്രഭാവം സത്യസന്ധന്മാരുടെ ഒരു സൈന്യത്തെ തയ്യാറാക്കി; അവർ റൂഹാനിയ്യത്ത് അഥവാ ആത്മീയതയിൽ എത്രമാത്രം അഭിവൃദ്ധിപ്പെട്ടുവെന്നാൽ അവർക്ക് സ്വഹാബത്തിന്റെ പദവി ലഭിച്ചു.

നബി (സ) യുടെ ഈ സത്യസന്ധനായ പ്രേമിയുടെ ജമാഅത്തിൽ നിന്നുകൊണ്ട്, അവിടത്തെ ഖുർആനികമായ അറിവുകളിൽനിന്നും വിജ്ഞാനങ്ങളിൽനിന്നും അനുഗ്രഹം പറ്റിക്കൊണ്ടുമാത്രമെ സത്യസന്ധന്മാരിൽ ഉൾപ്പെടാൻ സാധിക്കുകയുള്ളൂ. ഇവിടെ ഈ ഖുർആനികവചനത്തിൽ വിശ്വാസികളോടും തഖ്‌വയുടെ വഴിയിൽ സഞ്ചരിക്കുന്നവരോടുമുള്ള കല്പന സത്യസന്ധന്മാരോടൊപ്പം താമസിക്കുക എന്നാണ്. അവിടെ വേറൊരു കല്പനയും കൂടിയുണ്ട്. ഇക്കാരണത്താൽ നമുക്ക് ആശങ്കയുണ്ട്. ആശങ്കയുണ്ടാകേണ്ടതുമാണ്. അതായത് സ്വയം സത്യസന്ധനാകുക. ഇക്കാലത്തെ ഇമാമിന്റെ ജമാഅത്തിൽ ഉൾപ്പെട്ടിരിക്കുന്ന നിങ്ങൾ നിങ്ങളുടെ ഉള്ളിലും പരിശുദ്ധമായ മാറ്റം ഉണ്ടാക്കിത്തീർക്കുക. സ്വയം മറ്റുള്ളവർക്ക് സന്മാർഗ്ഗസംപ്രാപ്തിയ്ക്കുള്ള കാരണക്കാരാകുക. ഇല്ലെങ്കിൽ, അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ച് സത്യസന്ധന്മാർ ഇവിടെ ഉണ്ടായിക്കൊണ്ടേയിരിക്കും. പക്ഷേ നാം അദ്ധ്യാപനങ്ങളിൽ നിന്ന് അകന്ന്മാറി വഴികേടിന്റെ ഗർത്തത്തിൽ വീണുകൊണ്ടിരിക്കാൻ പാടില്ല. സത്യസന്ധന്മാരുടെ മറ്റൊരു ജമാഅത്ത് നിലവിൽവരികയും അവർ ജനങ്ങളെ സന്മാർഗ്ഗത്തിൽ നയിക്കുകയും ചെയ്യുന്ന അവസ്ഥ ഉണ്ടാകാൻ പാടില്ല.

അല്ലാഹു ജനങ്ങളെ സന്മാർഗ്ഗത്തിൽ നിലനിറുത്തുന്നതിനുവേണ്ടി, തന്റെ നല്ലയാളുകളെ അയച്ചുകൊണ്ടിരിക്കുക തന്നെ ചെയ്യും. നമ്മൾ അല്ലാഹുവിന്റെ തിരുസന്നിധിയിൽ പ്രണമിക്കുകയും അവനോടു ദുആ ഇരക്കുകയും ചെയ്യുക. സത്യസന്ധന്മാരോടൊപ്പം ഉൾപ്പെട്ടിരിക്കുന്നവരും കാലത്തിന്റെ ഇമാമിനോടൊപ്പം പറ്റിച്ചേർന്നിരിക്കുന്നവരും, അദ്ദേഹത്തിന്റെ അദ്ധ്യാപനങ്ങളിൽ നിന്ന് ഫലം പറ്റുന്നവരും, ആത്മീയമാറ്റം ഉണ്ടാക്കുന്നവരായിത്തീരുന്നവരും, ജനങ്ങൾക്ക് വഴികാട്ടുന്നതിന് കാരണക്കാരാകുന്നവരുമായിത്തീരാൻ ദുആ ചെയ്യുക.

നമ്മൾ ദുനിയാവിന്റെ ഭാഗത്തേക്ക് കുനിയുന്നവരാകരുത്. അങ്ങനെയായാൽ പതുക്കെ

പതുക്കെ ദീനിൽനിന്ന് അകലുകയും ശയ്ത്വാൻ നമ്മുടെ മേൽ ആക്രമണം നടത്തുകയും ചെയ്യും. ശയ്ത്വാൻ ആരംഭത്തിൽ ഓരോന്നും നന്നാക്കി കാണിക്കുകയും പിന്നീട് നമ്മെ കൈവിടുകയും ചെയ്യും. അതുകൊണ്ട് എപ്പോഴും ജീവിതത്തിൽ ഊതിയൂതി വൃത്തിയാക്കിക്കൊണ്ട് ചുവടുവെയ്ക്കേണ്ടതാണ്. എപ്പോഴും അല്ലാഹുവിന്റെ തിരുസന്നിധിയിൽ കുമ്പിട്ടുകൊണ്ടിരിക്കേണ്ടതാണ്. അവനോട് ദുആ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. അല്ലാഹു വിശുദ്ധ ഖുർആനിൽ മറ്റൊരിടത്ത് പറയുന്നു:

يٰوَيۡلَتٰى لَيۡتَنِىۡ لَمۡ اَتَّخِذۡ فُلَانًا خَلِيۡلًا ۝
لَقَدۡ اَضَلَّنِىۡ عَنِ الذِّكۡرِ بَعۡدَ اِذۡ جَآءَنِىۡ ؕ وَكَانَ
الشَّيۡطٰنُ لِلۡاِنۡسَانِ خَذُوۡلًا ۝

അഹോ കഷ്ടം! ഇന്നയാളെ ഞാൻ സുഹൃത്താക്കിവെച്ചിരുന്നില്ലെങ്കിൽ എത്ര നന്നായേനെ. ഈ പ്രബോധനം (ഖുർആൻ) എനിക്കു വന്നുകിട്ടിയതിനുശേഷം അവൻ (ആ സുഹൃത്ത്) അതിൽനിന്ന് എന്നെ തെറ്റിച്ചുകളഞ്ഞു. ശയ്ത്വാൻ മനുഷ്യനെ നിസ്സഹായാവസ്ഥയിലാക്കി പൂർണ്ണമായും കൈവെടിയുന്നവൻ തന്നെയാണ്. (25:29,30)

ശയ്ത്വാനിൽനിന്ന് രക്ഷപ്പെടുന്നതിനുവേണ്ടി ഞാൻ മുമ്പേ പറഞ്ഞതുപോലെ നമുക്കു നമ്മുടെ പരിവർത്തനത്തിലേക്ക് ശ്രദ്ധ പതിപ്പിച്ചുകൊണ്ടിരിക്കേണ്ടതാണ്. നമ്മുടെ റൂഹാനിയ്യത്ത് വർദ്ധിപ്പിക്കുന്നതിനുവേണ്ടി ശ്രദ്ധിക്കേണ്ടതാണ്. ഇക്കാലത്ത്, ദീൻ മനസ്സിലാക്കുന്നതിനുള്ള ശരിയായ മാർഗ്ഗം നമുക്കു പറഞ്ഞുതന്നത് ഹസ്റത്ത് മസീഹ് മൗഊദ് (അ) തന്നെയാണ്. അതുകൊണ്ട് അവിടുത്തെ ഗ്രന്ഥങ്ങൾ പാരായണം ചെയ്യുന്നതിലേക്കും ഒരുപാട് ശ്രദ്ധിക്കേണ്ടതാണ്. ഇതും സത്യസന്ധന്മാരുമൊത്ത് താമസിക്കുക എന്നു പറഞ്ഞതിൽപ്പെട്ടതാണ്; അതായത് അവിടുത്തെ അറിവിൽനിന്ന് ഫലമെടുക്കുക.

ഹസ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) ഇതു സംബന്ധമായി പറയുന്നു:

ഇതിനുശേഷം അല്ലാഹു ഈ നാശങ്ങൾക്കുള്ള കാരണങ്ങളും ദുർഗുണങ്ങളും വിവരിക്കുന്നു. പറയുന്നു: തന്റെ ചീത്ത കൂട്ടുകെട്ട് കാരണത്താലാണ് മനുഷ്യൻ എപ്പോഴും നാശത്തിന്റെ കുഴിയിൽ വീഴാറുള്ളത്. അവൻ ആദ്യം തന്റെ സുഹൃത്തുക്കളുടെ സഹവാസത്തിൽ അഭിമാനം കൊള്ളുന്നു. എന്നാൽ, അവന് ഏതെങ്കിലും നാശത്തെ അഭിമുഖീകരിക്കേണ്ടി വരുമ്പോൾ അവൻ അനിയന്ത്രിതമായി പറഞ്ഞുപോകുന്നു.

'ലയ്തനീ ലം അത്തഖിദ് ഫുലാനൻ ഖലീലാ' അഹോ കഷ്ടം! ഞാൻ ഇന്നയാളെ എന്റെ കൂട്ടുകാരനാക്കാതിരുന്നെങ്കിൽ. അവൻ എന്നെ വഴിപിഴപ്പിച്ചു. ഇതേകാരണത്താൽ വിശുദ്ധഖുർആൻ സത്യവിശ്വാസികളെ പ്രത്യേകമായ നിലയിൽ ഇങ്ങനെ ഉപദേശിച്ചു:

'കൂനൂ മഅസ്സ്വാദിഖീൻ'

സത്യവിശ്വാസികളേ! നിങ്ങളെപ്പോഴും സത്യസന്ധന്മാരുടെ കൂടെ സഹവസിക്കുക. മനുഷ്യന് തന്റെ പരിസരത്തുള്ള വസ്തുക്കളുടെ സ്വാധീന മേൽക്കാതെ താമസിക്കാൻ പറ്റുകയില്ലെന്നതാണ് വാസ്തവം. എന്നാൽ, അവൻ തന്റെ സുഹൃത്ബന്ധത്തിനും ചങ്ങാതിത്വത്തിനും വേണ്ടി നല്ല സ്വഭാവത്തിന്റെ ഉടമസ്ഥരായവരെ തിരഞ്ഞെടുക്കുന്നു. അവരുടെ ലക്ഷ്യസ്ഥാനം ഉന്നതമായിരിക്കും. അങ്ങനെ വരുമ്പോൾ അവരും തങ്ങളുടെ ദൗർബ്ബല്യങ്ങൾ അകറ്റുന്നതിനുവേണ്ടി പരിശ്രമിക്കും. പതുക്കെ പതുക്കെ അവന്റെ ചുവടിനെ ധാർമ്മിക ഗുണങ്ങളുടെ ഉന്നതിയിലേക്ക് ഉയർത്തുന്നതായി തെളിയുന്നതാണ്. എന്നാൽ അവൻ ചീത്തകൂട്ടുകാരെ തിരഞ്ഞെടുക്കുകയാണെങ്കിൽ ഒരിക്കലും അവനെ നേരായമാർഗ്ഗത്തിലേക്ക് അവൻ കൊണ്ടുപോകുകയില്ല. എന്നല്ല, ധാർമ്മികമായ അരാജകത്വത്തിലേക്ക് അവനെ തള്ളിയിടുകയും.

ഹസ്റത്ത് മസീഹ് മൗഊദ് (അ) ന് ഒരിക്കൽ ലാഹോർ ഗവൺമെന്റ് കോളേജിലെ ഒരു സിക്ക് വിദ്യാർത്ഥി ഒരു കത്തെഴുതി. ആദ്യം തനിക്ക് ദൈവത്തിൽ ദൃഢവിശ്വാസം ഉണ്ടായിരുന്നുവെന്നും എന്നാൽ ഇപ്പോൾ കുറച്ചുകാലമായി സംശയങ്ങൾ ഉണ്ടാകാൻ തുടങ്ങിയിട്ടുണ്ടെന്നു, അതുകൊണ്ട് എന്റെ സംശയങ്ങൾ അകലാൻ അല്ലാഹുവിനോട് പ്രാർത്ഥിക്കണമെന്നുമാണ് അയാൾ എഴുതിയത്. മസീഹ് മൗഊദ് (അ) മറുപടി എഴുതി. താങ്കളുടെ കൂട്ടുകാരൻ നിരീശ്വരവാദിയാണെന്ന് മനസ്സിലാകുന്നു. അതിന്റെ സ്വാധീനമാണ് താങ്കളിലുണ്ടാകുന്നത്. ക്ലാസ്സിൽ താങ്കൾ ഇരിക്കുന്ന സ്ഥാനം മാറി ഇരിക്കുക. അങ്ങനെ അയാൾ സ്ഥലം മാറി ഇരുന്നു. കുറച്ചുദിവസങ്ങൾക്കുശേഷം അദ്ദേഹത്തിന്റെ വിശ്വാസം സ്വയമേവ ശരിയാകുകയും ചെയ്തു. ചീത്തകൂട്ടുകെട്ട് മനുഷ്യനെ എത്രമാത്രം സ്വാധീനിക്കുന്നുണ്ടെന്ന് ഇതിൽനിന്ന് മനസ്സിലാക്കാവുന്നതാണ്. നബി (സ) തിരുമേനി ഏതു മജ്‌ലിസിൽ ഇരുന്നാലും അധികമായി ഇസ്തിഗ്ഫാർ ചൊല്ലിക്കൊണ്ടിരുന്നതിന്റെ യുക്തി ഇതുതന്നെയാണ്; അതായത് ചീത്തയായ പദ്ധതികളൊന്നും അവിടത്തെ പരിശുദ്ധ ഹൃദയത്തെ സ്വാധീനിക്കാതിരിക്കാൻ

നോക്കുക, നബി (സ) തിരുമേനിയും ഇസ്തിഗ്ഫാർ അധികമായി ചൊല്ലിയിരുന്നു.

ഒരു ഹദീസിൽ വന്നിരിക്കുന്ന നിവേദനം വളരെ പ്രധാനപ്പെട്ടതാണ്. ഇതിലേക്ക് മാതാപിതാക്കളും, യുവത്വത്തിലേക്ക് പാദം വെയ്ക്കുന്നവരും ശ്രദ്ധിക്കേണ്ടതാണ്.

ഹസ്റത്ത് അബൂഹുറയ്റ (റ) നിവേദനം ചെയ്യുന്നു. നബി (സ) പറഞ്ഞു: മനുഷ്യൻ തന്റെ സുഹൃത്തിന്റെ ദീനിലാണ് ഉണ്ടാകുക. അതായത്

സുഹൃത്തിന്റെ സ്വഭാവത്തിന്റെ സ്വാധീനം മനുഷ്യ നിലുണ്ടാകുന്നു. അതുകൊണ്ട് അവൻ ആരെയാണ് സുഹൃത്താക്കുന്നത് എന്നതിൽ ചിന്തിക്കേണ്ടതാണ്.

മാതാപിതാക്കളും സൂക്ഷിക്കേണ്ടതാണ്. കഠിനമായ രീതിയിലുള്ള മേൽനോട്ടമല്ലവേണ്ടത്. കുട്ടികളോടു ഒരു മടിയുമില്ലാതെ പെരുമാറണം. ഇതിനു മുമ്പേയും പലപ്രാവശ്യ ഇതു സംബന്ധമായി ഞാൻ പറഞ്ഞിട്ടുള്ളത്. മിക്കപ്പോഴും പറയുന്നുമുണ്ട്. ഈ സമൂഹത്തിൽ, ഈ പാശ്ചാത്യ സമൂഹത്തിൽ ഇക്കാലത്ത് പാശ്ചാതൃരുടെ സ്വാധീനം, ദജ്ജാലീ ശക്തികളുടെ സ്വാധീനം ശയ്ത്വാന്റെ ആക്രമണത്തിന്റെ സ്വാധീനം, സമ്പർക്കം എളുപ്പവും സരളവുമായ കാരണത്താൽ എല്ലാ സ്ഥലങ്ങളിലും ഉണ്ടായിക്കഴിഞ്ഞിട്ടുണ്ട്. ഞാൻ പറയുന്നത് ശയ്ത്വാന്റെ ആക്രമണത്തെ നേരിടുന്നതിന് മാതാപിതാക്കൾക്ക് തങ്ങളുടെ കുട്ടികളോടു സുഹൃദ്പരമായ ഒരു അന്തരീക്ഷം സൃഷ്ടിക്കേണ്ടതായിവരുമെന്നാണ്. സൃഷ്ടിക്കേണ്ടതുമാണ്. പ്രത്യേകമായ നിലയിൽ പുതുതായി ഈ രാജ്യത്തുവരുന്നവർ, അവർ ആരംഭത്തിൽ മൃദുസ്വഭാവം കാണിക്കും. പിന്നീട് കഠിനസ്വഭാവം കാണിക്കാൻ തുടങ്ങും. കുട്ടികളോടും സുഹൃദ്ബന്ധം സ്ഥാപിക്കാൻ കഴിയുമെന്ന് ഭാവനയിൽ പോലുമില്ല. അതുകൊണ്ട് നല്ലൊരു അന്തരീക്ഷമുണ്ടാക്കി നല്ലത് ഏതാണ് ചീത്ത ഏതാണെന്നുള്ള ബോധവൽക്കരണം നടത്തേണ്ടതാണ്. കുട്ടികൾക്ക് ചെറുപ്പം മുതലേ അതറിയാൻ കഴിയണം. പിന്നെ യുവത്വത്തിലും അറിയണം. കുട്ടികൾക്ക് ഒരു പ്രായമായിക്കഴിഞ്ഞാൽ മാതാപിതാക്കൾ തന്നെ അവരോട് സംസാരിക്കാൻ അറയ്ക്കാറുണ്ട്. ഇതും തെറ്റാണ്. അവരെ ദീനിലേക്ക് കൊണ്ടുവരുന്നതിനുവേണ്ടി, ദീനിന്റെ പ്രാധാന്യം അവരുടെ മനസ്സിലുണ്ടാക്കുന്നതിനുവേണ്ടി, അവർക്ക് അല്ലാഹുവുമായിട്ട് ഒരു ബന്ധം ഉണ്ടാക്കിക്കൊടുക്കേണ്ടതായിവരും. അതിനുവേണ്ടി ദുആയോടൊപ്പം മാതാപിതാക്കൾ പരിശ്രമിക്കേണ്ടതുമാണ്. മാതാപിതാക്കൾ സത്യസന്ധന്മാരിൽ ഉൾപ്പെടാത്തിടത്തോളം കാലം ഈ പ്രവർത്തനങ്ങൾ ഒന്നും നടക്കുകയില്ല.

കുട്ടികളുടെ സുഹൃത്താരാണെന്നും മാതാപിതാക്കൾ അറിഞ്ഞിരിക്കണം. ഹസ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞ ഉദാഹരണം നാം കണ്ടു. ഒരു സീറ്റിലിരുന്ന കാരണത്താൽ ഒരു കൂട്ടുകാരന്റെ സ്വാധീനം മറ്റേ കൂട്ടുകാരനിൽ ഉണ്ടായി. ഈ ഉദാഹരണം പലപ്രാവശ്യം പറഞ്ഞിട്ടും, ഇപ്പോഴും മാതാപിതാക്കളുടെ പരാതി വന്നുകൊണ്ടിരിക്കുന്നു. അവർ ബലം പ്രയോഗിച്ചോ അല്ലെങ്കിൽ മറുഭാഗത്തേക്ക് പോയോ, തെറ്റായി സഹായിച്ചോ കുട്ടികളെ നശിപ്പിക്കുന്നു. 15,16 വയസ്സുവരെ ഒരു കുട്ടിയുടെ സ്വഭാവം നല്ലതായിരിക്കും. ജമാഅത്തിനോടും വ്യവസ്ഥിതിയോടുമൊക്കെ ബന്ധമുണ്ടായിരിക്കും. അത്ഫാലുൽ അഹ്മദിയ്യായുടെ പരിപാടികളിൽ പങ്കെടുക്കുകയും ചെയ്യും. 15,16 വയസ്സായിക്കഴിഞ്ഞാൽ പെട്ടെന്ന് പിന്നോക്കം പോകാൻ തുടങ്ങുന്നു. അങ്ങനെ പോയിക്കൊണ്ടേയിരിക്കുന്നു. എത്രത്തോളമെന്നാൽ അത്തരം കുട്ടികൾ മാതാപിതാക്കളിൽനിന്നും അകന്നുപോയെന്ന് പറഞ്ഞ് പരാതി വരാൻ തുടങ്ങുന്നു. ചില പെൺകുട്ടികളെയും ഇങ്ങനെ നഷ്ടപ്പെട്ടുപോകാറുണ്ട്. അതിലെന്തായാലും വിഷമം ഉണ്ടാകുക തന്നെ ചെയ്യും. മാതാപിതാക്കൾ ആരംഭം മുതലേ ഇതു ശ്രദ്ധിക്കുകയാണെങ്കിൽ ഇത്തരം പ്രശ്നങ്ങൾ ഉണ്ടാകുകയില്ല. കുട്ടികളോടും ഞാൻ പറയുകയാണ്, നിങ്ങൾ കൂട്ടുകൂടുന്നത് നല്ലവണ്ണം കണ്ടറിഞ്ഞിട്ടായിരിക്കണം. മാതാപിതാക്കൾ നിങ്ങളുടെ ശത്രുവാണെന്നും അതുകൊണ്ടാണ് കൂട്ടുകൂടേണ്ട എന്നു പറയുന്നതെന്നും നിങ്ങൾ കരുതരുത്. 16,17 വയസ്സ് സ്വയം ചിന്തിച്ച് തീരുമാനമെടുക്കാൻ പറ്റിയ പ്രായമാണ്. അതുകൊണ്ട് കൂട്ടുകാരൻ ജീവിതം നശിപ്പിക്കുന്നവനാണോ എന്ന് നിങ്ങൾ നോക്കേണ്ടതാണ്; അല്ലാഹുവിൽനിന്ന് അകറ്റിക്കൊണ്ടുപോകുന്നവനാണോ എന്ന് ശ്രദ്ധിക്കേണ്ടതാണ്. കാരണം, അല്ലാഹുവിൽനിന്ന് അകറ്റിക്കൊണ്ടു പോകുന്നവൻ നിങ്ങളുടെ ഗുണകാംക്ഷിയാകാനും നിങ്ങളോടു സഹതാപമുള്ളവനാകാനും നിങ്ങളുടെ സത്യവാനായ കൂട്ടുകാരനാകാനും ഒരു വിധത്തിലും തരമില്ല. ഒരു അഹ്മദികുട്ടി സത്യസന്ധന്മാരുടെ കൂട്ടുകെട്ടിൽ നിന്നാണ് ഫലമെടുക്കേണ്ടത്. അതുകൊണ്ട്, ആ സംഘം ശയ്ത്വാന്റെ സംഘമാണെന്ന് ഓർക്കുക. സത്യസന്ധന്മാരുടെ സംഘമല്ല. അവരുടെ കൂട്ടത്തിലിരുന്നുകൊണ്ട് സ്വയം ചീത്തപ്പേരുണ്ടാക്കരുത്. കുടുംബത്തിനും ചീത്തപ്പേരുണ്ടാക്കരുത്. എപ്പോഴും ജമാഅത്തുമായി ബന്ധം വെയ്ക്കുക. ജമാഅത്ത് എന്തൊന്ന് നിങ്ങളോടു പറഞ്ഞാലും അതെല്ലാം നിങ്ങളുടെ ഗുണത്തിനും നേട്ടത്തിനും വേണ്ടിയായിരിക്കും. നമസ്കരിക്കുന്ന കാര്യത്തിലേക്കും ഖുർആൻ പാരായണം ചെയ്യുന്നതിലേക്കും ശ്രദ്ധിക്കുക. അല്ലാഹുതആല നമ്മുടെ എല്ലാ കുട്ടികളേയും ശയ്ത്വാന്റെ എല്ലാവിധ ആക്രമണങ്ങളിൽനിന്നും രക്ഷിക്കുമാറാകട്ടെ.

ഹസ്റത്ത് അബൂമൂസാ അശ്അരി (റ) നിവേദനം ചെയ്യുന്നു. നബി (സ) തിരുമേനി പറഞ്ഞു: നല്ല കൂട്ടുകാരന്റേയും ചീത്തകൂട്ടുകാരന്റേയും ഉപമ കസ്തൂരി ഏറ്റിയവനേയും ഉല ഊതുന്നവനേയും പോലെയാണ്. കസ്തൂരി ഏറ്റിയവൻ സുഗന്ധം നല്കും. അല്ലെങ്കിൽ നീ അത് അവനിൽനിന്ന് വാങ്ങും. ഇല്ലെങ്കിൽ കുറഞ്ഞപക്ഷം അതിന്റെ സുഗന്ധം അനുഭവിക്കുകയെങ്കിലും ചെയ്യും. ഉല ഊതുന്നവൻ ഒന്നുകിൽ നിന്റെ വസ്ത്രം കരിച്ചുകളയും അല്ലെങ്കിൽ അതിന്റെ ദുർഗന്ധം നിന്നെ വിഷമിപ്പിക്കും. അല്ലാഹുതആല എപ്പോഴും നമ്മളെല്ലാവരേയും കസ്തൂരിയുടെ സുഗന്ധം വിതരണം ചെയ്യുന്നവരാക്കുമാറാകട്ടെ. നമ്മുടെ ഉള്ളിൽ പരിശുദ്ധമായ

മാറ്റം ഉണ്ടാക്കുമാറാകട്ടെ. അതു മുഖേന നാം മാത്ര മല്ല മറ്റുള്ളവരും നമ്മിൽ നിന്ന് ഫലമെടുക്കുന്നവരാ യിത്തീരണം. ഇതിന് വളരെ മുജാഹദ ആവശ്യമു ണ്ട് - കഠിനാദ്ധ്വാനത്തിന്റെ ആവശ്യമുണ്ട്. നമ്മുടെ മക്കളെ രക്ഷിക്കുന്നതിനും ഒരുപാട് ശ്രദ്ധിക്കേണ്ട ആവശ്യമുണ്ട്. അല്ലാഹു തആല നമുക്കെല്ലാവർക്കും ഇതിനു തൗഫീഖ് നല്കുമാറാകട്ടെ.

ഹസ്റത്ത് അഖ്ദസ് മസീഹ് മൗഊദ് (അ) പറയുന്നു: സത്സംഗത്തിൽ വലിയ മഹത്വമുണ്ട്. അതിന്റെ സ്വാധീനം എന്തെങ്കിലുമൊക്കെ ഫലം നല്കുന്നതാണ്. ആരുടെയെങ്കിലും കൈയിൽ സുഗ ന്ധമുണ്ടെങ്കിൽ, അത് അടുത്തുള്ളവർക്കും എത്തു ന്നതാണ്. അപ്രകാരം തന്നെ സത്യസന്ധന്മാരുടെ സഹവാസവും സത്യതയുടെ ചൈതന്യം ഊതിത്ത രുന്നു. അതായത് സത്യതയുടെ ചൈതന്യം ഉള്ളി ലുണ്ടാക്കുന്നു.

പറഞ്ഞു: ഞാൻ സത്യമായും പറയുന്നു, അഗാ ധമായ സഹവാസം നബിയേയും നബിയുടെ ആളി നേയും ഒന്നാക്കിത്തീർക്കുന്നു. യഥാർത്ഥമായ ബന്ധ മാണെങ്കിൽ ഹസ്റത്ത് മസീഹ് മൗഊദ് (അ) പറ യുന്നു: നബിയുടേതു പോലുള്ള സ്ഥാനം അദ്ദേ ഹത്തെ സത്യമായി പിൻതുടരുന്ന ആൾക്കും ലഭി ക്കുന്നു. ഇക്കാരണത്താലാണ് വിശുദ്ധഖുർആൻ കൂനൂ മഅസ്സാദിഖീൻ എന്ന് പറഞ്ഞത്.

എല്ലാ കാലത്തും അത്തരം സത്യസന്ധൻ ഉണ്ടാകുന്നുവെന്നത് ഇസ്ലാമിന്റെ ഗുണങ്ങളിൽ അതുല്യമായൊരു ഗുണമാണ്.

ഹസ്റത്ത് അബൂഹുറയ്റ (റ) നിവേദനം ചെയ്യുന്നു. ദീർഘമായ ഹദീസാണ്. കുറച്ചുഭാഗം കേൾപ്പിക്കാം.

നബി (സ) തിരുമേനി പറഞ്ഞു: ദിക്റുചെയ്യു ന്നവരെ അന്വേഷിച്ചുകൊണ്ട് വഴികളിൽ ചുറ്റിക്കൊ ണ്ടിരിക്കുന്ന ചില മലക്കുകൾ അല്ലാഹുവിനുണ്ട്. അങ്ങനെ ദിക്റ് ചൊല്ലുന്ന ആളുകളെ കണ്ടുമുട്ടി യാൽ നിങ്ങളുടെ ലക്ഷ്യത്തിലേക്ക് നിങ്ങൾ വരൂ എന്നു പറഞ്ഞുകൊണ്ട് തങ്ങളുടെ ചിറകുകളെ വിരുത്തി അവർ ഒന്നാനാകാശം വരെ അവരെ പൊതിയുന്നതാണ്. ജനങ്ങൾ ആ മജ്ലിസിൽ നിന്നെ ഴുന്നേറ്റുപോകുമ്പോൾ അവരും ആകാശത്തിലേക്ക് കയറിപ്പോകുന്നു.

അല്ലാഹുവിന്റെ ദീർഘമായ ചോദ്യോത്തരം ഇതിന്നിടയിലുണ്ട്. എന്താണ് അവർ ചോദിക്കുന്നത്? സ്വർഗ്ഗം ചോദിക്കുന്നുണ്ടോ? പാപപ്പൊറുതി തേടു ന്നുണ്ടോ? അല്ലാഹു അവരോടു പറയും. എന്റെ അഭ യമെന്താണെന്ന് അവർക്കറിയുമായിരുന്നെങ്കിൽ അങ്ങനെ അവർ ചോദിച്ചതെല്ലാം അല്ലാഹു അവർക്കു നല്കി.

അന്നേരം ഒരു മലക്കു പറയും; അവരിൽ ഉൾപ്പെടാത്തപാപിയായ ഒരുമനുഷ്യനുണ്ടല്ലോ, അയാൾ അതു വഴിപോയപ്പോൾ വെറുതെ കയറി ഇരുന്നതാണ്. അല്ലാഹു പറയും, ഞാൻ അവനും പൊറുത്തുകൊടുത്തിരിക്കുന്നു. കാരണം ഇവരുടെ അടുത്തിരിക്കുന്നവരും ഹതഭാഗ്യരാകുകയില്ല.

ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: മനുഷ്യൻ സാത്വികനും പുണ്യവാനുമായ ഒരാളുടെ അടുത്തിരിക്കുമ്പോൾ സത്യസന്ധത അവനിൽ പ്രവ ഹിക്കുന്നു. എന്നാൽ ആരാണോ സന്മാർഗ്ഗികളുടെ ഈ വഴി ഉപേക്ഷിച്ചുകൊണ്ട് ദുഷ്ടന്മാരുടെയും ദ്രോഹികളുടേയും കൂടെ താമസിക്കുന്നത് അവനിൽ തിന്മസ്വാധീനമുണ്ടാക്കികൊണ്ടിരിക്കും. അതുകൊ ണ്ടാണ് ഹദീസുകളിലും വിശുദ്ധഖുർആനിലും ദുഷ് ടന്മാരുമൊത്തുള്ള സഹവാസം ഉപേക്ഷിക്കാൻ പറഞ്ഞിട്ടുള്ളത്. എഴുതിയിരിക്കുന്നു, അല്ലാഹുവി നേയും അവന്റെ റസൂലിനെയും നിന്ദിക്കുന്ന മജ്ലി സ്സുകളിൽനിന്ന് പെട്ടെന്ന് എഴുന്നേറ്റ് പോകുക. നിന്ദി ക്കുന്നത് കേ ട്ടിട്ട് ആരാണോ എഴുന്നേറ്റ് പോകാത്ത ത് അവനും അവരിൽ പെട്ടവനായിരിക്കും. സത്യസ ന്ധരുടേയും സന്മാർഗ്ഗികളുടേയും അടുത്ത് താമസി ക്കുന്നവരും അവരിൽ ഉൾപ്പെട്ട വരാണ്. അതുകൊ ണ്ട്, സത്യസന്ധന്മാരിൽ ഉൾപ്പെട്ടവരായിരിക്കുക എന്ന ഖുർആനിക കല്പന പാലിക്കേണ്ടത് എത്ര മാത്രം നിർബന്ധമാണ്. ഹദീസിൽ വന്നിരിക്കുന്നു, അല്ലാഹുതആല മലക്കുകളെ ദുനിയാവിലേക്ക് അയ ക്കുന്നു. അവർ പരിശുദ്ധന്മാരുടെ മജ്ലിസുകളിൽ ഹാജരാകുന്നു. തിരിച്ചുചെല്ലുമ്പോൾ അല്ലാഹു അവ രോടു, നിങ്ങൾ എന്താണ് കണ്ടതെന്ന് ചോദിക്കും. അവർ പറയും: ഞങ്ങൾ ഒരുമജ്ലിസ് കണ്ടു. അതിൽ നിന്നെ സ്മരിക്കുന്നുണ്ടായിരുന്നു. ഒരാൾ അവരിൽ പെട്ടവനായിരുന്നില്ല. അല്ലാഹു പറയും: അല്ല, അവനും അവരിൽ പെട്ടവൻ തന്നെയാണ്. കാരണം '*ഇന്നഹും ഖൗമുൻ ലാ യശ്ഖാ ജലീസുഹും*'. സത്യ സന്ധന്മാരുടെ സഹവാസത്തിൽ നിന്നും എത്രത്തോളം പ്രയോജനമുണ്ടെന്ന് ഇതിൽനിന്നും വ്യക്തമാണ്. ഈ സഹവാസത്തിൽ നിന്ന് അകന്നുനിൽക്കുന്നവൻ നിർഭാഗ്യവാനാണ്.

പറഞ്ഞു: "മുത്മഇന്നനഫ്സിന്റെ - ശാന്തി പ്രാപിച്ച ആത്മാവിന്റെ സ്വാധീനങ്ങളിലൊന്ന് അത് ശാന്തി പ്രാപിച്ചആത്മാക്കളുടെ സഹവാസത്തിൽ ശാന്തിപ്രാപിക്കുന്നു; ദോഷപ്രവണമായ ആത്മാവിന് അടിപ്പെട്ടവരിൽ അതിന്റെ സ്വാധീനമായിരിക്കും ഉണ്ടാകുക. സ്വയം ശാസകാത്മാക്കളിൽ അതിന്റെ സ്വാധീനമായിരിക്കും ഉണ്ടാകുക. ആരാണോ മുത്മ യിന്ന സ്ഥാനം കരസ്ഥമാക്കിയവരുടെ കൂടെയിരിക്കുന്നത് അവനിലും ശാന്തിയുടെയും സമാധാനത്തിന്റെയും ലക്ഷണം കണ്ടുതുടങ്ങുന്നു. ഉള്ളിന്റെ ഉള്ളിൽ അവന് സമാധാനം ലഭിക്കുന്നു."

അവിടന്ന് പറഞ്ഞു: ആത്മാവിനെ ശുദ്ധമാക്കി യെടുക്കുന്നതിന് അല്ലാഹു ഒരു വഴി പറഞ്ഞിട്ടുള്ളത് *കൂനൂ മഅസ്സാദിഖീൻ* എന്നാണ്. അതായത് വാക്കി ലും പ്രവർത്തിയിലും കർമ്മത്തിലും സത്യത്തിൽ

അടിയുറച്ചുനിൽക്കുന്നവരോടൊപ്പം താമസിക്കുക. (അതായത് സംസാരത്തിലും അനക്കമടക്കത്തിലുമെല്ലാം സത്യത്തിൽ നില്ക്കുന്നവരുടെ കൂട്ടത്തിൽ താമസിക്കുക.) ഇതിനുമുമ്പേ പറഞ്ഞത്, *യാ അയ്യുഹല്ലദീന ആമനുത്തഖുല്ലാഹ്* അല്ലയോ സത്യവിശ്വാസികളെ, അല്ലാഹുവിനോട് തഖ്‌വ ഉള്ളവരായിരിക്കുക. ഇതുകൊണ്ടുള്ള ഉദ്ദേശ്യം, ആദ്യം വിശ്വസിക്കുകയും പിന്നീട് സുന്നത്ത് എന്നനിലയിൽ തിന്മയുടെ സ്ഥലങ്ങളെ ഉപേക്ഷിക്കുകയും സത്യ സന്ധന്മാരുടെ കൂടെ താമസിക്കുകയും ചെയ്യുക എന്നാണ്. സഹവാസത്തിന് വളരെ സ്വാധീനമുണ്ടാകും. അത് ഉള്ളിന്റെ ഉള്ളിനെ സ്വാധീനിച്ചുകൊണ്ടിരിക്കും. ഒരോ ദിവസവും ദുർനടത്തക്കാരിയുടെ വീട്ടിൽ പോകുന്ന ഒരാൾ, ഞാൻ വ്യഭിചരിക്കുമോ എന്ന് ചോദിച്ചാൽ, അവനോടു പറയണം, നീ അതു ചെയ്യുമെന്ന്. കാരണം ഒരു ദിവസം അവനതിൽ പെട്ടു പോകും. എന്തുകൊണ്ടെന്നാൽ സഹവാസത്തിന് വലിച്ചടുപ്പിക്കാനുള്ള സ്വാധീനശക്തിയുണ്ട്. ഇപ്രകാരം, ആരാണോ മദ്യശാലയിൽപ്പോകുന്നത് അവൻ ഞാൻ കുടിക്കില്ലെന്ന് പറഞ്ഞ് എത്രതന്നെ അകന്നു നിന്നാലും, തീർച്ചയായും കുടിക്കുന്ന ഒരുദിവസം വരും. അതുകൊണ്ട് ഇതുകണ്ടില്ലെന്ന് നടിക്കരുത്. കാരണം സഹവാസത്തിന് വലിയ സ്വാധീന ശക്തിയാണുള്ളത്. ഇക്കാരണത്താലാണ് അല്ലാഹു തആല ആത്മാവിന്റെ ശുദ്ധീകരണത്തിനായി *കൂനൂ മഅസ്സ്വാദിഖീൻ* എന്നുകല്പിച്ചിട്ടുള്ളത്. വിയോജിപ്പോടെയാണെങ്കിലും ആരാണോ സത്സംഗത്തിലേക്ക് പോകുന്നത്, ആ സത്സംഗത്തിന്റെ സ്വാധീനശക്തി അവനിലുണ്ടാകാതിരിക്കുകയില്ല. ഒരിക്കൽ അവൻ ആ വിയോജിപ്പ് ഉപേക്ഷിക്കുന്നതാണ്.

ചീത്തകൂട്ടുകെട്ടാണെങ്കിൽ ഒരിക്കൽ അതിൽ പെട്ടുപോകുമെന്നാണ് ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നത്. കുടിക്കുകയില്ലെന്ന് പറഞ്ഞ് സ്ഥിരമായി മദ്യശാലയിൽ പോകുന്നവൻ ഒരിക്കൽ അതിന്റെ സ്വധീനവലയത്തിൽപെട്ട് കുടിക്കാൻ നിർബന്ധിതനായേക്കാം. അതുകൊണ്ട് മദ്യം എല്ലാ വിധത്തിലും നിരോധിക്കപ്പെട്ടിരിക്കുന്നുവെന്ന് ഹദീസിലും വന്നിട്ടുണ്ട്. ഉണ്ടാക്കുന്നതും, കുടിക്കുന്നതും, കുടിപ്പിക്കുന്നതുമെല്ലാം.

ഇവിടെവന്ന് റസ്റ്റോറന്റ് തുടങ്ങിയ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്നവർ - അവിടെ മദ്യവിൽപ്പനയും വിതരണവും നടക്കാറുണ്ട് - ആജോലി ഉപേക്ഷിക്കാൻ കുറച്ചുവർഷം മുമ്പേ ഹസ്റത്ത് ഖലീഫത്തുൽമസീഹ് റാബിഅ് (റഹ്) പറഞ്ഞത് അതുകൊണ്ടാണ്. ജമാഅത്ത് വളരെ നല്ല നിലയിലാണ് അതിനോടു പ്രതികരിച്ചത്. എല്ലാവരും തന്നെ അത്തരം തൊഴിലുകൾ ഉപേക്ഷിക്കുകയുണ്ടായി

പന്നിയിറച്ചി തിന്നുന്നതും ഖുർആൻ ശരീഫ് നിരോധിച്ചിരിക്കുന്നു. എന്നാൽ, ബർഗർ ഉണ്ടാക്കുകയും വിൽക്കുകയും ചെയ്യുന്ന റസ്റ്റോറന്റുകളിൽ ജോലിചെയ്യുന്ന ചിലരെങ്കിലും ഇപ്പോഴുമുണ്ട്. ഞങ്ങൾ അത് ഉപയോഗിക്കുന്നില്ലയെന്ന് അവർ പറയുന്നു. പക്ഷെ ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: ചിലപ്പോൾ ഏതെങ്കിലും രീതിയിൽ അതിലേക്ക് ആകർഷിക്കപ്പെടുന്ന ഒരുസമയം വരും. അതുകൊണ്ട് ആദ്യമേ അതിൽനിന്ന് രക്ഷപ്പടുന്നതാണ് ഉത്തമം. അത്തരം ജോലികൾ ഉപേക്ഷിക്കേണ്ടതാണ്. അല്ലാഹുവിന് വേണ്ടി അതുപേക്ഷിക്കുകയാണെങ്കിൽ അതിനേക്കാൾ വൃത്തിയുള്ളതും നല്ലതുമായ ജോലി വേറെകി ട്ടുന്നതാണ്. അതിൽ അല്ലാഹുവിന്റെ അനുഗ്രഹവുമുണ്ടാകും. അന്വേഷിച്ചാൽ ജോലികിട്ടുമെന്ന് ഉറപ്പാണ്. ആത്മാവിന്റെ ശുദ്ധീകരണത്തിനുള്ള വലിയൊരു മാർഗ്ഗമാണിത്.

ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: "രണ്ടുകാര്യങ്ങളാണുള്ളത്. ഒന്ന് ദുആചെയ്യുക എന്നതാണ്. രണ്ടാമത്തെമാർഗ്ഗം *കൂനൂ മഅസ്സ്വാദിഖീൻ* എന്നതാണ്. സത്യസന്ധന്മാരുടെ കൂടെ താമസിക്കുക. അവരുമൊത്ത് ജീവിച്ചാൽ, നിങ്ങളുടെ അല്ലാഹു സർവ്വശക്തനാണെന്നും, കാണുന്നവനാണെന്നും, കേൾക്കുന്നവനാണെന്നും, ദുആ സ്വീകരിക്കുന്നവനാണെന്നും തന്റെ കാരുണ്യം കൊണ്ട് മനുഷ്യർക്ക് നൂറുകണക്കിന് അനുഗ്രഹങ്ങൾ കൊടുക്കു ന്നവനാണെന്നും മനസ്സിലാകുന്നതാണ്."

ഞാൻ പറഞ്ഞതുപോലെ, ദുആചെയ്തുകൊണ്ടിരിക്കുന്നതിനോടൊപ്പം ഹസ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഗ്രന്ഥങ്ങളും പാരായണം ചെയ്യേണ്ടതാണ്. വിശുദ്ധഖുർആനും ഹദീസും മനസ്സിലാകണമെങ്കിൽ ഹസ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഗ്രന്ഥങ്ങൾ പാരായണം ചെയ്യണം. ഉറുദു അറിയുന്നവർ ഭാഗ്യവാന്മാരാണ്. കാരണം അധിക ഗ്രന്ഥങ്ങളും ഉറുദുവിലാണ്; കുറച്ചുമാത്രമേ അറബിയിലുള്ളു. എഴുത്തും വായനയും അറിയാത്തവർക്ക് പള്ളികളിൽ ദർസുണ്ട്. അതിലിരിക്കേണ്ടതാണ്, ദർസ് കേൾക്കേണ്ടതാണ്. എം.ടി.എയിൽനിന്ന് ഫലമെടുക്കേണ്ടതാണ്. എം.ടി.എക്കാർ, ഹസ്റത്ത് മസീഹ്മൗഊദ് (അ) ന്റെ ഗ്രന്ഥങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട ഭാഗങ്ങൾ വിവിധ ഭാഷകളിൽ സംപ്രേഷണം ചെയ്യാൻ ശ്രദ്ധിക്കണം. ഇവിടെ ചെയ്തിരിക്കുന്ന തർജ്ജമകൾ തൃപ്തികരമാണ്. അതെന്തായാലും സംപ്രേഷണം ചെയ്യാൻകഴിയും. ഇപ്രകാരം തന്നെ, ഉർദുനാടുകളിൽ നിന്ന് ഉർദു പ്രോഗ്രാം തയ്യാറാക്കി അയക്കേണ്ടതാണ്. കൂടുതലും ഹസ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ദൈവീകജ്ഞാനം ജനങ്ങൾക്ക് പ്രകടമാകും വിധമായിരിക്കണം അതുതയ്യാറാക്കേണ്ടത്. അതു നമുക്കും മറ്റുള്ളവർക്കും സന്മാർഗ്ഗത്തിനുള്ള കാരണമായിത്തീരണം.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഒരുപാട്

ഒരുപാട് ആളുകൾക്ക് അഹ്മദിയ്യത്ത് സ്വീകരിക്കാൻ തൗഫീഖ് കിട്ടികൊണ്ടിരിക്കുന്നു. കോടിക്കണക്കിനാളുകൾ അഹ്മദിയ്യത്തിൽ പ്രവേശിച്ചുകഴിഞ്ഞു. അവരുടെ ശിക്ഷണകാര്യം നോക്കേണ്ടതും അത്യാവശ്യമാണ്. ഹസ്റത്ത് മസീഹ് മൗഊദ് (അ) ന്റെ വാക്കുകൾ അവർക്കും എത്തിച്ചുകൊടുക്കുന്നതിന് പരിശ്രമിക്കണം. ശിക്ഷണത്തിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം വളരെ പ്രയോജനപ്രദമായിരിക്കും. തർബിയ്യത്ത് വിഭാഗത്തിനും അതു പ്രയോജനപ്പെടും. അതുകൊണ്ട് ദുആയോടൊപ്പം ഇക്കാര്യത്തിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. ഓരോ രാജ്യത്തിലേയും തർബിയ്യത്ത് വിഭാഗം ഇക്കാര്യത്തിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. ഇതിനെ പ്രയോജനപ്പെടുത്തേണ്ടതാണ്.

ഹസ്റത്ത് അഖ്ദസ് മസീഹ് മൗഊദ് (അ) പറയുന്നു: നോക്കുക, ഒരു കാലമുണ്ടായിരുന്നു. നബി (സ) തിരുമേനി തനിച്ചായിരുന്നു അന്ന്. എന്നാൽ ജനങ്ങൾ യഥാർത്ഥ തഖ്‌വയിലേക്ക് ആകർഷിക്കപ്പെട്ടുകൊണ്ടിരുന്നു. എന്നാൽ ഇന്ന് ലക്ഷക്കണക്കിന് മൗലവിമാരും ഉപദേശികളുമുണ്ട്. പക്ഷെ, സത്യസന്ധതയില്ല. അതുകൊണ്ട് ആ ആത്മീയതയുമില്ല. അതുകൊണ്ട് അന്നുണ്ടായിരുന്ന ആ ആകർഷണശക്തിയും ഇവരുടെ ഉള്ളിലില്ല. മനുഷ്യനിൽ വിഷബീജങ്ങളുണ്ട്. അത് ബാഹ്യമായ വാചകപ്രകടനങ്ങൾകൊണ്ടൊന്നും അകലുകയില്ല. അതിന് സത്യസന്ധന്മാരോടൊത്തുള്ള സഹവാസവും അവരുടെ കടാക്ഷവും ആവശ്യമാണ്. അതുകൊണ്ട് അനുഗ്രഹപ്രാപ്തരാകാൻ അവരുടെ നിറം സ്വായത്തമാക്കുകയും അല്ലാഹു അവർക്ക് പഠിപ്പിച്ചിട്ടുള്ള ശരിയായ വിശ്വാസം മനസ്സിലാക്കുകയും ചെയ്യേണ്ടത് വളരെ അത്യാവശ്യമാണ്.

നോക്കുക, ഇക്കാലത്തെ പത്രങ്ങളിൽ ഇത്തരം വാർത്തകൾ നിറഞ്ഞുനിൽക്കുന്നു. നിരവധി ലേഖകന്മാർ എഴുതുന്നു. ഞങ്ങൾക്കുപള്ളിയുണ്ട്, ബാങ്കുകേട്ട് ആ പള്ളിയിലേക്ക് കൂട്ടം കൂട്ടമായി പോകുന്നവരുണ്ട്. ഹജ്ജും ചെയ്യുന്നു. സദഖകൊടുക്കുന്നു. ദാനം ചെയ്യുന്നു. എന്നാൽ, ഈ നന്മയ്ക്കൊന്നും പ്രതിഫലം കാണാത്തതെന്തുകൊണ്ടാണ്?. ഉമ്മത്തെമുസ്‌ലിം എല്ലാരീതിയിലും അപകടങ്ങളിൽ വീണുകൊണ്ടേയിരിക്കുന്നു. എന്താണ് കാരണമെന്ന് അവർക്കറിയാം.

പക്ഷെ നബി (സ) തിരുമേനിയെ സത്യസന്ധമായി സ്നേഹിക്കുന്ന ഒരാൾ പരിഷ്ക്കർത്താവ് എന്നവാദവുമായി വന്നിരിക്കുന്നു. ആ മഹാത്മാവിനെ ഇവർ എതിർക്കുന്നു. ബാഹ്യമായ നിലയിൽ അല്ലാഹുപറഞ്ഞതെല്ലാം അവർനിറവേറ്റുന്നുണ്ട്. അതെല്ലാം കാണിക്കാൻ വേണ്ടിയാണ് ചെയ്യുന്നത്. അതിൽനിന്നും ഭൗതീകനേട്ടം കൊയ്യുന്നു. ആരാധനയാണെങ്കിലും, ഹജ്ജാണെങ്കിലും, സദഖയും ദാനവുമാണെങ്കിലും, എല്ലാം കാണിക്കാൻ വേണ്ടിയാണ്. എല്ലാകാര്യത്തിലും ഭൗതീകതയുടെ കലർപ്പുകാണുന്നു. ഭൗതീകതയുടെ കലർപ്പുണ്ടാകുമ്പോൾ, കാലത്തിന്റെ ഇമാമിനെതിരിലുള്ള എതിർപ്പും അതിരുകടക്കുമ്പോൾ, എന്നല്ല അദ്ദേഹത്തെ വിശ്വസിക്കുന്നവർക്ക് നഷ്ടമുണ്ടാക്കുന്നത് അല്ലാഹുവിൽ നിന്ന് പ്രതിഫലം കിട്ടാൻ കാരണമാണെന്ന് പോലും മനസ്സിലാക്കുമ്പോൾ അത്തരക്കാരോട് അല്ലാഹുവിന്റെ പെരുമാറ്റം ഇങ്ങനെത്തന്നെയായിരിക്കും.

അല്ലാഹുതആല ഇവർക്ക് ബുദ്ധിയും മനസ്സിലാക്കാനുള്ളകഴിവും നൽകുമാറാകട്ടെ. കർമ്മമില്ലാതെ വീരവാദം മുഴക്കിനടക്കുന്ന മുല്ലാക്കമാരുടെ പിന്നാലെ നടക്കുന്നവരാണവർ. അവരുടെ ബുദ്ധിയിലും ഈ സന്മാർഗ്ഗദർശനം തെളിഞ്ഞു വരട്ടെ. ഇന്ന് എന്തെങ്കിലും ലഭിക്കണമെങ്കിൽ, തകർന്നടിഞ്ഞ ഈ അന്തസ്സിനെ പുനപ്രതിഷ്ഠിക്കണമെങ്കിൽ, സത്യസന്ധന്മാരിൽ ഉൾപ്പെടുന്നതുകൊണ്ടുമാത്രമേ നടക്കുകയുള്ളു. ഇക്കാലത്തെ ഇമാമും, നബി (സ) തിരുമേനിയെ സത്യസന്ധമായി സ്നേഹിക്കുന്നയാളുമായവരുടെ ജമാഅത്തിൽ ചേരുന്നതുകൊണ്ടുമാത്രമേ നടക്കുകയുള്ളു. ഇല്ലെങ്കിൽ ഈ വഴക്കും വക്കാണവും, കൊല്ലും കൊലയും നിന്ദ്യതയുമെല്ലാം ഇവർക്ക് വിധിക്കപ്പെട്ടിട്ടുള്ളതാണ്. അവസാനം പറയാൻ പോകുന്നത്, അഹോകഷ്ടം! ഞങ്ങൾ ശയ്ത്വാന്റെ വഞ്ചനയിൽ പെട്ടില്ലായിരുന്നെങ്കിൽ! എന്നായിരിക്കും.

അതുകൊണ്ട്, അഹ്മദികളായ നമുക്കും സത്യസന്ധതയിൽ ശരിയായ നിലയിൽ നിലകൊള്ളേണ്ടതുണ്ട്. മുകളിൽ പറഞ്ഞകാര്യങ്ങൾ, മുസ്‌ലിം സമുദായത്തിനുവേണ്ടി ദുആ ചെയ്യാനും നമ്മെ പ്രേരിപ്പിക്കു ന്നുണ്ട്. അല്ലാഹുതആല അവർക്ക് ബുദ്ധിയും മനസ്സിലാക്കാനുള്ളകഴിവും നൽകുമാറാകട്ടെ.

ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: വിശുദ്ധ ഖുർആനിൽ വന്നിരിക്കുന്നു. *ഖദ് അഫ്‌ലഹാ മൻസക്കാഹാ* തന്റെ ആത്മാവിനെ ശുദ്ധീകരിച്ചവൻ വിജയം പ്രാപിച്ചു. ആത്മാവിന്റെ ശുദ്ധീകരണത്തിന് സത്യസന്ധന്മാരോടൊത്തുള്ള സഹവാസവും നല്ലവരുമായിട്ടുള്ള കൂട്ടും വളരെ ഫലപ്രദമാണ്. കളവ് തുടങ്ങിയ ദുസ്സ്വഭാവങ്ങൾ അകലേണ്ടതാണ്. നേരായ വഴിയിൽ സഞ്ചരിക്കുന്നവനോട് വഴി ചോദിക്കണം. തെറ്റുകൾ തിരുത്തികൊണ്ടുപോകണം. തെറ്റുകൾ തിരുത്താതെ കേ ട്ടെഴുത്ത് ശരിയാകാത്തതുപോലെ തെറ്റുകൾ തിരുത്താതെ സ്വഭാവവും നന്നാവുകയില്ല. ശുദ്ധീകരണം ഒപ്പത്തിനൊപ്പം നടന്നുകൊണ്ടിരുന്നാൽ നേരായ മാർഗ്ഗ ത്തിൽ നടക്കുകയും ഇല്ലെങ്കിൽ വഴിതെറ്റിപോകുകയും ചെയ്യുന്ന മൃഗത്തെപ്പോലെയാണ് മനുഷ്യൻ.

അല്ലാഹുതആല നമുക്ക് എപ്പോഴും നമ്മുടെ ശുദ്ധീകരണത്തിലേക്ക് ശ്രദ്ധിക്കാൻ തൗഫീഖ്

നൽകുമാറാകട്ടെ. ഒരിക്കലും ശയ്ത്വാന് നമ്മുടെ മേൽ ആക്രമണം നടത്താൻ അവസരം കൊടുക്കാതിരിക്കുമാറാകട്ടെ.

വീണ്ടും അവിടന്ന് പറയുന്നു: ജനങ്ങൾ സത്യം പ്രാപിക്കുന്നതിനുവേണ്ടി തിരഞ്ഞുനടക്കുന്നു. എന്നാൽ അത് പെട്ടെന്ന്കിട്ടുന്ന ഒന്നല്ല. മനുഷ്യന്റെ ആത്മാവ് ഉരുകി ദൈവീകതിരുസന്നിധിയിൽ വീഴുകയും, അതിനെ തന്റെ യഥാർത്ഥലക്ഷ്യമായി കരുതുകയും ചെയ്യുമ്പോഴാണ് ഹഖീഖത്തിന്റെ കവാടം അവന് തുറക്കപ്പെടുന്നത്. എന്നാൽ, ഇതെല്ലാം അല്ലാഹുവിന്റെ ഫള്ലുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. സത്യസന്ധന്മാരിൽ നിന്നുമാത്രമാണ് ഇക്കാര്യങ്ങൾ ലഭിക്കുന്നത്.

അല്ലാഹുവിന്റെ സന്നിധിയിൽ കുനിഞ്ഞുകൊണ്ട്, അവനോട് സഹായം തേടിക്കൊണ്ട്, ഹസ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ജമാഅത്തിൽ ഉൾപ്പെടുത്തി നമുക്ക് നൽകിയ ഈ അനുഗ്രഹത്തെ വിലമതിച്ചുകൊണ്ട്, സത്യഹൃദയത്തോടെ വിശ്വസിച്ച് ജീവിക്കാൻ അവൻ നമുക്ക് തൗഫീഖ് നൽകുമാറാകട്ടെ. അതു നമ്മുടെ വിശ്വാസത്തെ ദൃഢീകരിക്കുന്നതായിത്തീരട്ടെ. സത്യസന്ധന്മാരുമായി ചേർന്ന് നമ്മളേയും സത്യസന്ധന്മാരാക്കിത്തീർക്കാൻ അല്ലാഹു അനുഗ്രഹിക്കട്ടെ. നമ്മെ സത്യസന്ധന്മാരുമായി ചേർത്തുനിർത്താൻ പരിശ്രമിക്കുക. അല്ലാഹു നമുക്കെല്ലാം ഇതിന് തൗഫീഖ് ചെയ്യട്ടെ. ആമീൻ.

---

വിവർത്തനം : മുഹമ്മദ് ഇസ്മായീൽ H.A ആലപ്പുഴ

JUMUA KHUTHUBA
HADHRAT MIRZA MASROOR AHMAD
KHALIFATHUL MASIH - V
on 11 - 06 - 2004 at
Baithul Futhuh, London.

Page Layout & Type Set : Majlis Khuddamul Ahmadiyya, Kakkanad
Published by : **Majlis Khuddamul Ahmadiyya, Kerala**